# സാഹിത്യവാരഫലം

1971/09/26 (മലയാളനാട്ട്)


എം. കൃഷ്ണൻ നായർ

Copyright © 2014-2023, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1971/09/26-ൽ മലയാളനാട്ട് വാരികയിൽ പ്രസിദ്ധീകരിച്ചത്.

# ചെമ്പകപ്പൂവിന്റെ സൗരഭ്യം, സംഗീതത്തിന്റെ സൗന്ദര്യം



പി. കുഞ്ഞിരാമൻനായർ

ഞാൻ ഇന്നലെ ഒരു ഗ്രാമപ്രദേശം കാണാൻ പോയി. പട്ടണത്തിലെ, കീലിട്ട റോഡിൽക്കൂടി നടന്നുശീലിച്ച എനിക്കു് ഗ്രാമത്തിലെ ചരൽക്കല്ലുകൾ നിറഞ്ഞ തെരുവുകൾ കാലിനു വേദനയുളവാക്കിയതിൽ അത്ഭുതത്തിന് അവകാശമില്ല. മരങ്ങൾ പൊഴിച്ച പൂക്കൾ എന്റെ തലയിൽ വന്നുവീണിട്ടും എനിക്കു സന്തോഷം തോന്നിയില്ല. അങ്ങനെ നടക്കുമ്പോൾ തെരുവീഥിയുടെ ഒരു വശത്തായി ഞാനൊരു താമരക്കുളം കണ്ടു. നിറച്ചു താമരപ്പൂക്കൾ വിടർന്നുനിന്ന് സൗരഭ്യം വ്യാപിപ്പിക്കുന്ന ആ പൂക്കൾ കാറ്റേറ്റു പതുക്കെ ചാഞ്ചാടുന്നുണ്ട്. എന്തൊരു ആഹ്ലാദജനകമായ കാഴ്ച. ഞാൻ വേദനയൊക്കെ മറന്ന് തെല്ലുനേരം അവിടെ നിന്നുപോയി. ആ സൗന്ദര്യത്തിന്റെ ലോകത്തിൽ നിന്ന് എങ്ങനെ മാറിപ്പോകാനാണ്! സൗരഭ്യം നിറഞ്ഞ ആ അന്തരീക്ഷത്തിൽ നിന്ന് എങ്ങനെ അകന്നുനില്ക്കാനാണ്! ഞാൻ ആ പൂക്കളെ സൂക്ഷിച്ചുനോക്കി. അവ ആഹ്ലാദിക്കുന്നുണ്ടോ? ഇല്ല. നമുക്കുവേണ്ടി നിലാവൊഴുക്കുന്ന ചന്ദ്രൻ ആഹ്ലാദിക്കുന്നില്ല. പരാഗവിതരണം ചെയ്യുന്ന പൂക്കളും നൃത്തം ചെയ്യുന്ന നർത്തകികളും ആഹ്ലാദിക്കുന്നില്ല. എങ്കിലും അവർ നമുക്ക് ആനന്ദം നല്കുന്നു. കുറച്ചുകാലം മുൻപ് ഞാനൊരു ആശുപത്രിയിൽ കിടന്നപ്പോൾ അവിടെ എന്നും കാലത്ത് താമരപ്പൂവിന്റെ ഭംഗിയോടുകൂടി ഒരു നേഴ്സ് ഓടിയെത്തുന്ന കാഴ്ചകാണുകയുണ്ടായി. മന്ദസ്മിതത്തിന്റെ പുഷ്പശോഭപ്രസരിപ്പിച്ച്, താമരപ്പൂവിന്റെ അരുണിമ പ്രത്യക്ഷമാക്കി, സുജനമര്യാദയുടെ പരിമളം വ്യാപിപ്പിച്ച് അവൾ ഓരോ രോഗിയുടെ അടുക്കലേക്കും ഓടിച്ചെല്ലുമ്പോൾ കാലുമുറിച്ച പ്രമേഹരോഗി പുഞ്ചിരി പൊഴിക്കും; ധ്വനികളിൽക്കൂടി ഗ്ലൂക്കോസ് തുള്ളികളായി സ്വീകരിച്ച് മരണത്തോടു പടവെട്ടുന്ന ആ സാധുമനുഷ്യന്റെ കണ്ണുകൾ തിളങ്ങാൻ തുടങ്ങും. ഞരക്കങ്ങളും തേങ്ങലുകളും വിലാപങ്ങളും അവിടെ ഇല്ലാതാകും. കവിതയോടു കമ്പമുള്ള ഞാൻ സ്വയം മന്ത്രിക്കും: "ജീവിതം മധുരതരമാക്കുന്ന സൗന്ദര്യദർശനം." ഞാൻ ഈ സംഭവം മറന്നുപോയതാണ്. പക്ഷേ, ഇന്ന് അത് എന്റെ സ്മരണമണ്ഡലത്തിൽ തെളിഞ്ഞുനില്ക്കുന്നു. അതിനു കാരണക്കാരനായ അനുഗൃഹീതകവി ശ്രീ. പി. കുഞ്ഞിരാമൻനായർക്ക് ഞാൻ നന്ദി പറയട്ടെ. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 25-ാം ലക്കം നോക്കു. "വൈകിവന്ന വിരുന്നുകാരി" എന്ന മനോഹരമായ കവിത വായിക്കാം. "തൂവെള്ളപ്പട്ടുടുപ്പിട്ട ഒരു നേഴ്സിനെ—നരകത്തിൽ നാകം ചമയ്ക്കുന്ന ഒരപ്സരകുമാരിയെ" വായനക്കാർക്ക് അവിടെ ദർശിക്കാം. കയ്പേറ്റ ഗുളികകളോടൊപ്പം അലിവിന്റെ മാധുര്യം കൂട്ടിച്ചേർത്തുതരുന്ന അവൾക്കു നന്ദി പറഞ്ഞുകൊണ്ട് കവി തന്റെ കവിതയാകുന്ന വാടിയ ചമ്പകപ്പൂവ് അവളുടെ നേർക്കു നീട്ടുന്നു. വാടിയ ചമ്പകപ്പൂവെന്നു കവി പറഞ്ഞത് വിനയത്തിലാണ്. സൗരഭ്യം പ്രസരിപ്പിക്കുന്ന, ഒരിക്കലും വാടാത്ത, കാവ്യകുസുമമാണ് കവി ആ അപ്സരസ്സിന്റെ നേർക്ക് നീട്ടുന്നത്. ഇതാ കേൾക്കു


> "ചൊല്ലുന്നു ചേതന; മേലിലവളെ നീ
> കണ്ടുമുട്ടില്ലയീ ജീവിതപ്പാതയിൽ
> മാധുരി ചോരും നദീതീരക ഗ്രാമ
> സീമയിൽ മായും വനജ്യോത്സനയായവൾ
> ഓണപ്പൂലരികൾ പോകും വരമ്പേറി
> തൈമണിത്തെങ്ങണിത്തോപ്പുകൾ പിന്നിട്ടു
> ശാരദസന്ധ്യതൻപൂക്കുമ്പിൾ ചിന്നിയോ-
> രാവഴിത്താരയിൽ മാഞ്ഞു നിലാവവൾ
> കാണില്ലിനി ഒരു നാളിലും; എങ്കിലും
> കാക്കും നിശതൻ കിനാവിലെത്തോപ്പിൽ ഞാൻ."

യാദൃച്ഛികമായി ലഭിച്ച ഒരു സ്പർശം; യാദൃച്ഛികമായി ലഭിച്ച ഒരു ആലിംഗനം. ഇവയൊക്കെ സ്മരിച്ച് പുളകം കൊള്ളുന്നവരുണ്ടോ? ഉണ്ടെങ്കിൽ അവർ കുഞ്ഞിരാമൻനായരെന്ന ഈ അസുലഭസിദ്ധികളുള്ള കവിയുടെ മുൻപിൽ നമസ്കരിക്കാതിരിക്കില്ല. കവേ, ആ അപ്സരസ്സിനെ പിരിഞ്ഞ അങ്ങയുടെ ദുഃഖം ഞങ്ങളുടെയും ദുഃഖമാണ്. ആ ദുഃഖത്തെ കലയുടെ ആഹ്ലാദമാക്കി മാറ്റിയ അങ്ങയ്ക്ക് ഞങ്ങൾ വീണ്ടും നന്ദിപറയുന്നു. സ്വയം ആഹ്ലാദിക്കാതെ മറ്റുള്ളവരെ ആഹ്ലാദിപ്പിക്കുന്ന ആ സുന്ദരിക്കും കൃതജ്ഞത.

ചിരിക്കാനറിഞ്ഞുകൂടാത്തവർക്ക് സൗന്ദര്യം സൃഷ്ടിക്കാനും അറിഞ്ഞുകൂടാ. ഗഹനങ്ങളായ ജീവിതപ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തി, ഉദാത്തസൗന്ദര്യം സൃഷ്ടിക്കുന്ന ശ്രീ. പാറപ്പുറത്ത് മന്ദസ്മിതം പുരണ്ട കടക്കണ്ണുകൊണ്ട് ജീവിതത്തെ വീക്ഷിക്കുന്നതു കാണണമെങ്കിൽ അദ്ദേഹം മാതൃഭൂമിയിലെഴുതിയ "ഭഗവാനൊരു കുറവനായി" എന്ന ചെറുകഥ നാം വായിച്ചുനോക്കണം. ഞാഞ്ഞൂക്കാടൻ എന്ന പെരിയ 'സാമി'. അയാൾ ശബരിമലയ്ക്കു പോകുമ്പോൾ ആരോ കൊടുത്ത കഞ്ചാവുബീടി വലിച്ചു പരമശിവനെത്തന്നെ മുൻപിൽ കാണുകയുണ്ടായി. വർഷങ്ങൾ കഴിഞ്ഞു രണ്ടു ഹിപ്പികൾ—ഒരു സായ്പും മദാമ്മയും—'സാമി'യുടെ ചായക്കടയിലെത്തി. അവർ അയാൾക്കു കഞ്ചാവുബീടി കൊടുത്തു. സാമി അതു വലിച്ചപ്പോൾ വീണ്ടും ശിവനെ കാണുകയായി. കഴുത്തിൽ പാമ്പ്, ജടയിൽ ചന്ദ്രക്കല, നെറ്റിയിൽ മൂന്നാംകണ്ണ്. സായ്പും മദാമ്മയുമല്ല. സാക്ഷാൽ പരമശിവനും പാർവതിയും. പെരിയ സാമി താളം ചവിട്ടി സായിപ്പിനെയും മദാമ്മയേയും വലംവച്ചുകൊണ്ടു പാടി

> ഭഗവാനൊരു കുറവനായി
> ശ്രീപാർവ്വതി കുറത്തിയായി
> ധനുമാസത്തിലെ തിരുവാതിരനാൾ
> തീർത്ഥാടനത്തിനിറങ്ങി
> അവർ തീർത്ഥാടനത്തിനിറങ്ങി.

ബഹുജനം ഏറ്റുപാടി. സായ്പും മദാമ്മയും സാമിയും നൃത്തംവച്ചു. ഹിപ്പി സംസ്കാരത്തിനു കൊടുക്കുന്ന കനത്ത അടിയാണു ഫലിതം തുളുമ്പുന്ന ഈ മനോഹരമായ ചെറുകഥ. ഇവിടെ അത്യുക്തിയില്ല. സ്ഥൂലീകരണമില്ല. ഫലിതം അടിച്ചേല്പിക്കാനുള്ള പ്രവണതയില്ല. കഴിവുള്ളവർ എന്തെഴുതിയാലും നന്നായിരിക്കുമല്ലോ. യഥാർത്ഥമായ രത്നമുണ്ട്, കൃത്രിമമായ രത്നമുണ്ട്. യഥാർത്ഥമായ രത്നം നമുക്കു പ്രദാനംചെയ്തിരിക്കുന്ന ശ്രീ. പാറപ്പുറത്ത്. "കൺഗ്രാച്ചുലേഷൻസ്" കാപട്യമായതുകൊണ്ട് ഞാൻ ആ വാക്ക് ഉപയോഗിക്കുന്നില്ല.




കാരൂർ നീലകണ്ഠപിള്ള

ഗാംഭീര്യമാർജ്ജിച്ചതെന്തും നീലനിറമുള്ളതാണ്. കടലിന്റെ നിറം നീലമാണ്. അനന്തവിസ്തൃതമായ ആകാശം നീലനിറമുള്ളതത്രേ. അപ്രമേയപ്രഭാവനായ ഈശ്വരൻ—ശ്രീകൃഷ്ണൻ—നീലനിറത്തോടുകൂടിയവനാണ്. സാക്ഷാത്ക്കരികാൻവയ്യാത്ത പരമസത്യത്തെ ശ്രീ. കാക്കനാടൻ നീലനിറമായി കാണുന്നതു ശരിതന്നെ. ആ പരമസത്യം ദർശിക്കാനുള്ള അഭിവാഞ്ഛയെ അദ്ദേഹം സശക്തമായ ഒരു ചെറുകഥയിലൂടെ ആവിഷ്കരിക്കുന്നു… (മാതൃഭൂമി—ലക്കം 25). ചെറുകഥകൾ കഥാകാരന്മാരുടെ വിരലുകൾക്കിടയിൽ ഇരിക്കുന്ന കളിമണ്ണാണ്. ചിലപ്പോൾ അവർ വിരലുകൾ തിരിക്കുമ്പോൾ ആ കളിമണ്ണ് ഉജ്ജ്വലതയാർന്ന പ്രതിമകളാകും. മറ്റുചിലപ്പോൾ വിലക്ഷണങ്ങളായ രൂപങ്ങൾ കൈക്കൊള്ളും. രൂപങ്ങളുടെ സൗന്ദര്യവും വൈരൂപ്യവും വിരലുകൾ തിരിക്കുന്ന സന്ദർഭങ്ങളെ ആശ്രയിച്ചിരിക്കും. കലാപ്രചോദനമില്ലാത്ത സമയത്താണ് ശ്രീ. കാരൂർ നീലകണ്ഠപിള്ളയും ശ്രീ. ഉറൂബും ശ്രീ. ടി. പത്മനാഭനും ശ്രീ. വി. കെ. എന്നും ജീവിതമെന്ന കളിമണ്ണിൽനിന്ന കലാശില്പമുണ്ടാക്കാൻ ശ്രമിച്ചതെന്ന് "മാതൃഭൂമി"യിലെ ചെറുകഥകൾ ഉദ്ഘോഷണം ചെയ്യുന്നു.

ദക്ഷിണതിരുവിതാംകൂറിലെ പേച്ചിപ്പാറ അണക്കെട്ട് കണ്ടിട്ടുണ്ടോ എന്റെ വായനക്കാർ? ഇഞ്ചിനിയറിംഗ് വിദ്യകൾക്ക് അമിതപ്രാധാന്യവും അനല്പവികാസവും ഉണ്ടായിരിക്കുന്ന ഈ കാലഘട്ടത്തിൽ പേച്ചിപ്പാറ അണയ്ക്ക് വലിയ പ്രാധാന്യമൊന്നും ഇല്ലെന്ന് ഞാൻ സമ്മതിക്കുന്നു. എങ്കിലും അത് കാണുന്നത് ഉത്കൃഷ്ടമായ ഒരനുഭവമാണെന്നാണ് എന്റെ വിചാരം. നാലുചുറ്റും കാടുകൾ ഒഴുകിവരുന്ന നദിയെ തടഞ്ഞുനിറുത്തുന്ന ഭീമാകാരമായ അണക്കെട്ട്. എങ്ങും നിശ്ശബ്ദത. ആരാണ് അല്ലെങ്കിൽ എന്താണ് ആ നിശ്ശബ്ദത ഉളവാക്കുന്നത്? അണക്കെട്ടിലെ ഓരോ കല്ലുമാണ് അതിനു കാരണമെന്ന് ഞാൻ സങ്കല്പിക്കുന്നു. ആ കല്ലുകളൊക്കെ ചേർന്നുനില്ക്കുമ്പോൾ ലോകമാകെയുള്ള നിശ്ശബ്ദത അവിടെ ഓടിയെത്തുന്നു. ഒരു കല്ലിളക്കി ദൂരെയെറിയൂ. നിശ്ശബ്ദത തകരും. ഇളകിയ ഓരോ കല്ലും വാചാലമാകും. കലാശില്പങ്ങൾ അണക്കെട്ടുപോലെ നിശ്ശബ്ദത ആവഹിക്കുമ്പോഴാണ് അവ ഉത്കൃഷ്ടങ്ങളായിയെന്ന് നാം പറയുക. "മലയാളനാടി"ന്റെ ഓണപ്പതിപ്പിൽ ശ്രീ. സേതു എഴുതിയ "കഥയുടെ കഥ" എന്ന ചെറുകഥ വായിക്കുക. ഒരു കലാശില്പമല്ല നാം കാണുക പിന്നെയോ? ഇളകിക്കിടക്കുന്ന കുറേ കല്ലുകൾ മാത്രം. ചില കഥാപാത്രങ്ങളെ അവതരിപ്പിച്ച് ആധുനികജീവിതത്തിന്റെ വൈരസ്യത്തെ ചിത്രീകരിക്കാനാണ് കഥാകാരന്റെ ശ്രമം. ശ്രമമെന്നുതന്നെ പറഞ്ഞുകൂടാ അടിച്ചതിനും വേണ്ടി കരയുന്നുവെന്ന മട്ടിൽ, സേതു കഥാരചന എന്നതിന്റെ പേരിൽ കുറേ വാക്യങ്ങൾ എഴുതിവയ്ക്കുന്നു. ആ വാക്യങ്ങൾ പകർന്നുതരുന്ന ആശയങ്ങൾക്ക് ഗഹനതയില്ല, ഭംഗിയില്ല, അവയ്ക്ക് അന്യോന്യബന്ധമില്ല.


ഇത് ജനാധിപത്യത്തിന്റെ കാലമാണ്. എങ്കിലും ഞാനൊരു ചക്രവർത്തിയായിരുന്നെങ്കിലെന്ന് വിചാരിക്കുകയാണ്. അങ്ങനെയായാൽ പ്രജകളുടെ ആഹ്ലാദമായിരിക്കും എന്റെ ലക്ഷ്യം. അതിന്റെ സാക്ഷാത്കാരത്തിനുവേണ്ടി ഞാൻ എന്തെല്ലാം ആജ്ഞാപിക്കും? പലതും ആജ്ഞാപിക്കും. സംശയമില്ല. എന്നാലും ഒന്നാമത്തെ ആജ്ഞ എന്തെന്ന കേൾക്കട്ടെ. അത് ഇതാണ്: "കലയെക്കുറിച്ച് ഒരു ബോധവുമില്ലാത്ത പെൺകുട്ടികൾ കഥകൾ എഴുതി മനുഷ്യരെ കഷ്ടപ്പെടുത്തരുത്." സെപ്റ്റംബർ 5-ാം തീയതിയിലെ "ജനയുഗം വാരികയിൽ മേരി വിതയത്തിൽ എഴുതിയ "മാപ്പുതരൂ" എന്ന ചെറുകഥ വായിച്ചുനോക്കുന്നവർക്കൊക്കെ ഇങ്ങനെയൊരു കല്പന പുറപ്പെടുവിക്കണമെന്നു തോന്നും. അത്ര കണ്ട് അതു നിന്ദ്യമാണ്. കുടുംബത്തെ പ്രയാസപ്പെട്ടു സംരക്ഷിക്കുന്ന ഒരു യുവതിക്ക് നേഴ്സായി ഉദ്യോഗം കിട്ടുന്നു. അവൾ അക്കാര്യമറിയിക്കാൻ വീട്ടിൽ ചെല്ലുമ്പോൾ അമ്മ അയൽവീട്ടിൽ ഹീനമായ ജോലി ചെയ്യുന്നതു കാണുന്നു. ഉടനെ അവൾ അമ്മയുടെ കാൽ കെട്ടിപ്പിടിച്ച് കരഞ്ഞുപോലും. "അമ്മേ, എനിക്കു മാപ്പുതരൂ" എന്ന് പറഞ്ഞുപോലും. 'സ്റ്റുപ്പിഡിറ്റി'ക്കും ഒരതിരുണ്ടെന്നാണ് ഞാൻ ഇത്രയും കാലം വിചാരിച്ചിരുന്നത്. ഈ കഥ വായിച്ചപ്പോഴാണ് "അൺലിമിറ്റഡ് സ്റ്റുപ്പിഡിറ്റി"—അതിരില്ലാത്ത ബുദ്ധിശൂന്യത—എന്നൊന്ന് ഉണ്ടെന്ന് മനസ്സിലാകുന്നത്… കഥാകാരന്മാർ ജീവിതസംഭവങ്ങളെ ചിത്രീകരിക്കുമ്പോൾ, ആ സംഭവങ്ങൾക്കുള്ള പരമപ്രാധാന്യത്തെ കാണിച്ചുതരാൻ പര്യാപ്തങ്ങളായ വാതായനങ്ങളായി ആ കഥകൾ രൂപം കൊണ്ടില്ലെങ്കിൽ പിന്നെന്തു പ്രയോജനം? ശ്രീ. ഈ. വി. ശ്രീധരൻ "ജനയുഗം" വാരികയിലെഴുതിയ "കറുത്ത മേഘങ്ങൾ" എന്ന ചെറുകഥ നോക്കുക. ഒരു സ്ത്രീയുടെ ദുഃഖം സ്പഷ്ടീകരിക്കുന്നുവെന്ന മട്ടിൽ, വ്യക്തത അല്പംപോലുമില്ലാതെ അദ്ദേഹം എന്തൊക്കെയോ പുലമ്പുന്നു. കഥ വായിച്ചുതീരുമ്പോൾ ജീവിതസംഭവങ്ങളെക്കുറിച്ചുതന്നെ നമുക്ക് ഒരു ബോധവുമുണ്ടാകുന്നില്ല. സംഭവങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു പിന്നെ ഒന്നും പറയാനുമില്ല. വീണക്കമ്പിയിൽ ഒന്നു മൃദുവായി സ്പർശിച്ചാൽ മനോഹരമായ നാദമുയരും. ശക്തി സംഭരിച്ചുകൊണ്ട് ഒരടി കൊടുത്താലോ; അതു പൊട്ടിത്തകരും. കല ഒരു വീണക്കമ്പിയാണ്. അതിലെ സ്പർശം മൃദുവായിരിക്കട്ടെ മിസ്റ്റർ ശ്രീധരൻ.



C. F. Cavafy

C. F. Cavafy എന്നൊരു ഗ്രീക്കു കവിയുടെ പരിഹാസദ്യോതകമായ ഒരു കവിത വായിച്ച ഓർമ്മ എനിക്കുണ്ട്. കവിതയിലെ ആശയം ഓർമ്മിച്ചെഴുതട്ടെ: "രണ്ടു വർഷം അയാൾ ഒരു തത്ത്വചിന്തകന്റെ ശിഷ്യനായിരുന്നു. പക്ഷേ, തത്ത്വചിന്ത അയാളെ മുഷിപ്പിച്ചു. അതിനു ശേഷം അയാൾ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിച്ചു. അത് ഉപേക്ഷിച്ചിട്ട് മതപരങ്ങളായ വസ്തുതകളിൽ ശ്രദ്ധിച്ചു തുടങ്ങി. അതും അയാൾ ഉപേക്ഷിച്ചു പിന്നീട് അലക്സാണ്ടറിയയിലെ വേശ്യാലയങ്ങളിൽ കയറിയിറങ്ങി. പ്രകൃതി അയാൾക്ക് ആകൃതിസൗഭഗം നല്കിയിരുന്നു. കുറഞ്ഞത് പത്തു വർഷമെങ്കിലും അയാളുടെ സൗന്ദര്യം നിലനില്ക്കും. അതു നശിക്കുമ്പോൾ അയാൾ ഒരുപക്ഷേ, തത്ത്വചിന്തകന്റെ അടുക്കൽ പോയേക്കും. ആ തത്ത്വചിന്തകൻ മരിച്ചിട്ടുണ്ടെങ്കിലോ? എന്നാൽ സൗകര്യമായി വേറൊരുത്തനെ കിട്ടും. അല്ലെങ്കിൽ രാഷ്ട്രീയത്തിലേക്കുതന്നെ തിരിച്ചുവരും. കുടുംബത്തിന്റെ പാരമ്പര്യം, രാജ്യത്തോടുള്ള കടമ എന്നിവയെക്കുറിച്ചെല്ലാം ഓർമ്മിക്കുമ്പോൾ രാഷ്ട്രീയത്തിലേക്കു മടങ്ങിവരാതിരിക്കുന്നതെങ്ങനെ?" രാഷ്ട്രവ്യവഹാരത്തിൽ തൽപരനായിരിക്കുന്ന കപടനേതാവിനെ ഇതിനെക്കാൾ ഭംഗിയായി ആരും പരിഹസിച്ചിട്ടില്ല. ഒന്നാന്തരം സോല്ലുന്നനം! ഇനി "ചന്ദ്രിക" വാരികയിൽ ശ്രീ. പി. സുബ്ബയ്യാപിള്ള എഴുതിയ "രക്ഷ" എന്ന കഥ വായിച്ചുനോക്കുക. മന്ത്രിപദം അഭിലഷിക്കുന്ന ഒരു നേതാവിനെ ഫലിതാത്മകമായി അവതരിപ്പിക്കാനാണു കഥാകാരൻ ശ്രമിക്കുന്നത്. മന്ത്രിസ്ഥാനം ലഭിക്കാൻവേണ്ടി അയാൾ ഒരു രക്ഷ ജപിച്ചുകെട്ടുന്നു. "നാളെ ഈ സമയത്തു മന്ത്രിയായി തിരഞ്ഞെടുത്തിരിക്കും" എന്നു ഗണകൻ പറയുന്നതുകേട്ടു നേതാവു വിശ്വാസത്തോടെ പോകുമ്പോൾ കഥ അവസാനിക്കുന്നു. സുബ്ബയ്യാപിള്ളയുടെ പരിഹാസം ലക്ഷ്യവേധിയല്ല. അതിന് സ്വാഭാവികതയില്ല. ഫലിതം അസ്വാഭാവികമാകുന്നതു വേദനാജനകമാണ്.

പത്മനാഭസ്വാമിക്ഷേത്രത്തിന്റെ മൂകതയിൽ, ക്രൈസ്തവദേവാലയത്തിന്റെ നിശ്ശബ്ദതയിൽ, ശംഖുമുഖത്തെ രാമണീയകത്തിൽ "കാരമസോവ് സഹോദരന്മാരുടെ" ഗഹനതയിൽ, ലയോക്കൂൺ പ്രതിമയുടെ ഉദാത്തതയിൽ, മോണലിസയുടെ സൗന്ദര്യത്തിൽ ഞാൻ ഈശ്വരനെ കാണുന്നു. ഈ ലോകത്ത് ഏറ്റവും മനോഹരമായിട്ടുള്ളത് സ്ത്രീയുടെ മന്ദഹാസമാണ്. ഈ ലോകത്തിലെ ഏറ്റവും വലിയ വൈരൂപ്യം അഹങ്കാരമുള്ള സ്ത്രീയാണ്. ശ്മശാനത്തിന്റെ ഭീകരതയിൽ, ടാഗോർ സെന്റിനറി തീയേറ്ററിന്റെ ബീഭത്സതയിൽ, പുത്തരിക്കണ്ടം മൈതാനിയിൽ നിറുത്തിയിരിക്കുന്ന മഹാത്മാ ഗാന്ധിയുടെ പ്രതിമയിൽ, സ്ത്രീയുടെ പല്ലിറുമ്മലിൽ, അവളുടെ അഹങ്കാരത്തിൽ, അത്യന്താധുനികസാഹിത്യത്തിൽ ഞാൻ പിശാചിനെ കാണുന്നു. മാതൃഭൂമി ആഴ്ചപതിപ്പിൽ (ലക്കം 26) ശ്രീ. സക്കറിയ എഴുതിയ "ഒരിടത്ത്" എന്ന അത്യന്താധുനികകഥയിൽ ഞാൻ ഈശ്വരനെ കാണുന്നില്ല "ഈശ്വരൻ എന്നേ മരിച്ചു. പിന്നെങ്ങനെ ഈശ്വരനെ കാണും?" എന്ന് ചിലർ ചോദിക്കുന്നത് ഞാൻ കേൾക്കുന്നു. ഞാൻ വ്യക്തിഗതനായ ഈശ്വരനെ ഉദ്ദേശിച്ചല്ല പറയുന്നത്. ഷെല്ലി നിരീശ്വരനായിരുന്നപ്പോൾ എഴുതിയ കവിതകളിൽ ഈശ്വരനുണ്ട്. ഞാൻ ആ ഈശ്വരനെ—ആദ്ധ്യാത്മിക സൗന്ദര്യത്തെ—ലക്ഷ്യമാക്കിയാണ് ഇങ്ങനെയെല്ലാം അഭിപ്രായപ്പെടുന്നത്… ദേശാഭിമാനി വാരികയുടെ 9-ാം ലക്കത്തിൽ ശ്രീ. ജയാനന്ദ് എഴുതിയ "പഴയപല്ലവി" എന്ന ചെറുകഥയിൽ ഒരു ഭർത്താവിന്റെയും ഭാര്യയുടെയും ലോലവികാരങ്ങളെ ഭംഗിയായി ആവിഷ്കരിക്കുന്നു… നക്ഷത്രങ്ങൾനിറഞ്ഞ ആകാശം, പച്ചപിടിച്ച വയലുകൾ, മൂടൽമഞ്ഞിൽ മറഞ്ഞ പർവ്വതം, കുളികഴിഞ്ഞുപോകുന്ന കാമുകിയുടെ തലമുടിനാരിന്റെ അറ്റത്ത് തിളങ്ങുന്ന വെള്ളത്തുള്ളി—ഇവയൊക്കെ മനോഹരങ്ങളാണ്. ചെറുകഥകളും ഈ രീതിയിൽ സുന്ദരങ്ങളായെങ്കിൽ!



ജോർജ്ജ് ലൂക്കാച്ച്

"കുറ്റിപ്പുഴയുടെ സാഹിത്യചിന്തകൾ" എന്ന പേരിൽ ഡോക്ടർ പി. വി. വേലായുധൻപിള്ള 'മലയാളനാട്ട്' ഓണപ്പതിപ്പിൽ എഴുതിയിരിക്കുന്ന ലേഖനം ലേഖകന്റെ നിഷ്പക്ഷചിന്താഗതിയേയും വിമർശനപാടവത്തേയും വ്യക്തമാക്കുന്നു. കുറ്റിപ്പുഴ കൃഷ്ണപിള്ള മിതവാദിയും പ്യൂരിട്ടനുമാണെന്ന് വേലായുധൻപിള്ള യുക്തികൾ പ്രദർശിപ്പിച്ച് സ്ഥാപിക്കുന്നുണ്ട്. ആനുഷംഗികമായി കുട്ടികൃഷ്ണമാരാർ, പ്രൊഫസർ മുണ്ടശ്ശേരി, എം. പി. പോൾ എന്നിവരുടെ നിരൂപണരീതികളെക്കുറിച്ചും അദ്ദേഹം ഉപന്യസിക്കുന്നു. അവിടെയും സമനില പാലിച്ചാണ് വേലായുധൻപിള്ള എഴുതുന്നത്. കുമാരനാശാന്റെ കാവ്യങ്ങളുടെ കൈയെഴുത്തുപ്രതികൾ പരിശോധിച്ച് അദ്ദേഹത്തിന്റെ കാവ്യനിർമ്മാണതത്ത്വങ്ങളിലേക്കു ചെല്ലുവാൻ ശ്രീ. എം. എം. ബഷീർ ചെയ്യുന്ന യത്നം രസാവഹമാണ്, ആദരണീയമാണ്. ലോകത്ത് എത്രയോ കൊലപാതകങ്ങൾ നടക്കുന്നു. നാം അവ ശ്രദ്ധിക്കാറില്ല. പക്ഷേ, നിസ്സാരമായ ഒരു കൈലേസ് താഴെ എറിഞ്ഞിട്ട് ഷേക്സ്പിയർ ട്രാജഡിയുണ്ടാക്കുമ്പോൾ നാം ശ്രദ്ധിക്കുന്നു. പ്രകമ്പനം കൊള്ളുന്നു. നിത്യജീവിതത്തിലെ അർത്ഥമില്ലായ്മയിൽ അർത്ഥം കണ്ടെത്തുന്നവനാണ് കലാകാരൻ എന്ന് ശ്രീ. കെ. പി. ശശിധരൻ അഭിപ്രായപ്പെടുന്നു (മലയാളനാട്ട്). അദ്ദേഹത്തോട് ആരാണ് യോജിക്കാതിരിക്കുക? ശ്രീ. കെ. ദാമോദരന്റെ പത്രാധിപത്യത്തിലും ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെ മാനേജിംഗ് എഡിറ്റർഷിപ്പിലും പ്രസാധനം ചെയ്യുന്ന "മാർക്സിസ്റ്റ് വീക്ഷണം" എന്ന ഉത്കൃഷ്ട മാസികയിൽ മാർക്സിസത്തിലെ അരിസ്റ്റോട്ടിൽ എന്ന വിശേഷണം നല്കാവുന്ന ജോർജ്ജ് ലൂക്കാച്ചിനെക്കുറിച്ച് ദാമോദരന്റെ ഒരു നല്ല ലേഖനമുണ്ട്. ലൂക്കാസ് ആരാണെന്നും അദ്ദേഹത്തിന് സാഹിത്യത്തിലുള്ള സ്ഥാനമെന്താണെന്നും ആ ലേഖനത്തിൽനിന്ന് നമുക്കു മനസ്സിലാക്കാം. ഒരു ഉജ്ജ്വല പ്രതിഭാശാലിയാണ് ലൂക്കാസ്. അദ്ദേഹത്തിന്റെ "A Modern Drama", "Balzac, Stendhal, Zola", "Studies in European Realism", "Goe the and His Age", "Historical Novel" എന്നീ ഗ്രന്ഥങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. മഹാനായ ഗ്രന്ഥകാരനാണ് അദ്ദേഹമെന്ന് ഈ ഗ്രന്ഥങ്ങളാകെ ഉദ്ഘോഷിക്കുന്നു… അക്കിത്തത്തിന്റെ "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ"മെന്ന കാവ്യത്തെ വിമർശിച്ചതിനു ശേഷം ശ്രീ. നരേന്ദ്രപ്രസാദ് പ്രസ്താവിക്കുന്നു: "അക്കിത്തത്തിന്റെ 'സെൻസിബിലിറ്റി' ആധുനിക സാഹിത്യത്തിന്റെ സെൻസിബിലിറ്റിയുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നില്ല." ശരിയാണ്: അക്കിത്തത്തിന്റെ ഭാവസംദൃബ്ധത ആധുനിക സാഹിത്യത്തിന്റെ ഭാവസംദൃബ്ധതയുമായി യോജിക്കുന്നില്ല. എന്റെ ഉത്തമസുഹൃത്ത് ശ്രീ. നരേന്ദ്രപ്രസാദ് അതൊരു ദോഷമായി കാണുന്നു. ഞാൻ അതൊരു ഗുണമായി കാണുന്നു.

ലാളിത്യം വിചാരശീലം എന്നിവയോടുകൂടി ശ്രീ. ഒ. എൻ. വി. കുറുപ്പ് പരമസത്യത്തെക്കുറിച്ച് ആകർഷകമായി പാടുന്നു (മലയാളനാട്ട്—ലക്കം 16). മനുഷ്യന്റെ അന്തരംഗത്തെ അലയാഴിയായും പരമസത്യത്തെ അന്തരീക്ഷമായും കാണുന്ന ആ കല്പന നന്നായിട്ടുണ്ട്. ശ്രീ. എൻ. രമേശനാകട്ടെ താനൊരച്ഛനായതിലുള്ള ഹർഷോന്മാദത്തെ നൂതനമായ രീതിയിൽ ചിത്രീകരിക്കുന്നു.

ആരാണ് ഈ സായാഹ്നത്തിൽ ഒരു വിപഞ്ചിക മീട്ടിക്കൊണ്ട് നടന്നുവരുന്നത്? ആളിനെക്കാണുന്നില്ലല്ലോ. പച്ചിലച്ചാർത്തുകളിൽ നിന്ന്, എന്റെ ഭവനത്തിന് സമീപമൊഴുകുന്ന പുഴയിൽ നിന്ന് ആ നാദം ഉയരുന്നു. ഇതാണ് പ്രപഞ്ചസംഗീതം. നാദമാധുര്യം മാത്രമേ നമുക്കനുഭവപ്പെടുന്നുള്ളൂ. അത് വേറെ എവിടെ നിന്നെങ്കിലും വായനക്കാർക്ക് ആസ്വദിക്കണോ? എങ്കിൽ പി. കുഞ്ഞിരാമൻനായരുടെ കവിത വായിക്കുക.

> "ഉത്രാടസന്ധ്യ വയല്ക്കരെയാരെയോ
> കാത്തുനില്ക്കുന്നമണൽ വഴിത്താരയിൽ"

നിന്നുകൊണ്ട് അനുഗൃഹീതനായ ആ കവി പാടുന്നു. അപ്പോൾ, വിടർന്ന ചമ്പകപ്പൂവിന്റെ പരിമളം വ്യാപിക്കുന്നു. മലയാളകവിതേ, നീ എത്ര ധന്യ!

□

# എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-നു ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.